പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4421.

27.06.2013 ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണം കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ റേഷൻ വിതരണം കുറ്റമറ്റതാക്കുന്നതിന് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്പ് തടയുന്നതിനായി കർശനമായ പരിശോധനകളും റെയ്ഡുകളും നടത്തുന്നുണ്ട്. ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും, പ്രൈസ് മോണിറ്ററിംഗ് സെല്ലും റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ച അവലോകനം നടത്തിവരുന്നുണ്ട്. കൂടാതെ end to end computerization, FMPDS എന്നീ പദ്ധതികളിലൂടെ റേഷൻ വിതരണം സുതാര്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു; |
| (ബി) സംസ്ഥാനത്തെ റേഷൻ ഡിപ്പോകൾ ഏറ്റെടുത്ത് കമ്മീഷൻ സംവിധാനം ഒഴിവാക്കി വിതരണക്കാർക്ക് ശമ്പളം നൽകുന്ന വ്യവസ്ഥ നടപ്പിലാക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഇതിനു വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല; |

| | | | |
|---|---|---|---|
| (സി) | ഗുണനിലവാരമുള്ള റേഷൻ സാധന ങ്ങൾ വിതരണം ചെയ്യുന്നതിന് സ്വീക രിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാ മെന്ന് വ്യക്തമാക്കാമോ; ഗുണനില വാര പരിശോധന നടത്തുവാൻ സംവിധാനം ഉണ്ടോ? | (സി) | എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യുന്ന സ്റ്റോക്ക് വിതരണ ത്തിനുമുൻപ് എഫ്.സി.ഐ.യിലെ ക്വാളിറ്റി പരിശോധനാ ഉദ്യോഗസ്ഥർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരു ത്തുന്നു. എഫ്.സി.ഐ/എ.ഡബ്ല്യൂ.ഡി. കളിൽ നിന്നും സാമ്പിൾ വിതരണം ചെയ്യുകയുംഎ.ആർ.ഡി.കളിൽസാമ്പിൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ